**പതിനാലാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1124 10/08/2017-ൽ മറുപടിയ്ക്ക്

## എൽ.പി./യു.പി. സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കൃഷ്ണൻ** | | പ്രൊഫ. സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഒരു മണ്ഡലത്തിലെ രണ്ട് എൽ.പി./ യു.പി. സ്കൂളുകൾ തെരഞ്ഞെടുത്ത് അവിടത്തെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്ന പരിപാടിയുടെ നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കാമോ; | (എ) | 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞ'ത്തിന്റെ ഭാഗമായി ഒരു അസംബ്ലി നിയോജക മണ്ഡലത്തിലെ ഒരു എൽ.പി./ യു.പി. സ്കൂളാണ് പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളത്. ടി പദ്ധതിയുടെ ആദ്യ ഘട്ടമായി മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ സഹിതം വിശദമായ പ്രൊപ്പോസൽ സമർപ്പിച്ച 6 സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | ഈ പദ്ധതി നടത്താൻ ഏതെങ്കിലും ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ടോ; എങ്കിൽ ഏതെന്നറിയിക്കാമോ; | (ബി) | ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടത്തിൽ, മാസ്റ്റർ പ്ലാൻ, എസ്റ്റിമേറ്റ്, പ്രോജക്ട് റിപ്പോർട്ട് എന്നിവ തയ്യാറാക്കുന്നതിനായി സ്കൂൾ തല കമ്മിറ്റി തെരഞ്ഞെടുക്കുന്ന അക്രഡിറ്റഡ് ഏജൻസികളാണ് അതാത് സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നത്. |
| (സി) | നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത പദ്ധതി എന്നാരംഭിക്കാൻ കഴിയും എന്ന് വ്യക്ത മാക്കാമോ ? | (സി) | പ്രസ്തുത പദ്ധതിയുടെ ആദ്യ ഘട്ടമായി വിശദമായ പ്രൊപ്പോസൽ സമർപ്പിച്ച 6 സ്കൂളുകൾക്ക് ഭരണാനുമതി നൽകുന്ന തിനുള്ള നടപടികൾ അന്തിമഘട്ട ത്തിലാണ്. ഭരണാനുമതി നൽകിയാ ലുടൻ ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട മറ്റു സ്കൂളുകൾ വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതും, താമസംവിനാ ടി സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്നതുമാണ്. |

സെക്ഷൻ ഓഫീസർ